നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് :

ധാതുമണൽ സമ്പത്തിന്റെ വ്യാപ്തിയും, അവ ഉപയോഗപ്പെടുത്തുന്നതിനായുള്ള സാധ്യതയെയുംപറ്റി ഈ സ്ഥാപനം പഠനം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ.) അവരുടെ മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെ ഉത്പാദനശേഷി വർദ്ധിപ്പിച്ചു മൈനിംഗ് ലീസ് ഉള്ള വിവിധ പ്രദേശങ്ങളിലെ ഭൂമി ഐ.ആർ.ഇ.എൽ. വിലയ്ക്ക് വാങ്ങിക്കൊണ്ടിരിക്കുന്നു.

(ബി) അനധികൃത ധാതുമണൽ കടത്ത് തടയുന്നതിനായി കരുനാഗപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ആലപ്പുഴ തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ് നിലവിലുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖല മിനറൽ സ്ക്വാഡ്, കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ നടപടികൾ പര്യാപ്തമാണ്. എന്നിരുന്നാലും റവന്യൂ വകുപ്പ്, പോലീസ് വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവരടങ്ങുന്ന സംയുക്ത പട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകര വരെയുള്ള തീരദേശത്ത് കോസ്റ്റൽ പോലീസിനെക്കൊണ്ട് പട്രോളിംഗ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളായ കേരള മിനറൽസ് ആന്റ് മെറ്റൽസിനെയും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിനെയും കൂടുതൽ ശക്തിപ്പെടുത്തി വിവിധങ്ങളായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ധാതുമണൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

കൈത്തറി വ്യവസായ മേഖല

252 (619) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കൈത്തറി വ്യവസായമേഖലയിൽ ആയിരക്കണക്കിന് പേരെ നിത്യപട്ടിണിയിലേക്ക് തള്ളിവിടുമ്പോഴും വാഗ്ദാനങ്ങൾ പാലിക്കുന്നതിന് സർക്കാർ തലത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈത്തറി വ്യവസായത്തിന്റെ തകർച്ചയുള്ള യഥാർത്ഥ കാരണം കണ്ടെത്തി പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിലുള്ള അലംഭാവമാണ് ഈ മേഖലയിൽ പ്രതിസന്ധി തുടരുന്നതിനിടയാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആക്ഷേപം ശരിയല്ല. കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവും, ഇൻകം സപ്പോർട്ടും, നെയ്ത്ത് പരിശീലനവും, ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് പരിശീലനവും, മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനവും, സാമ്പത്തിക സഹായവുമടക്കം നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കന്നത്തറ ടെക്സ്റ്റൈൽ ഏറ്റെടുക്കൽ

253 (620) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നത്തറ ടെക്സ്റ്റൈൽ കമ്പനി ലിക്വിഡേഷൻ നടപടികൾ സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ;

(ബി) കമ്പനി സ്വത്തുക്കൾ ലേലം വഴി അന്യാധീനപ്പെടുത്തുന്നത് ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) ലിക്വിഡേഷനിലുള്ള കന്നത്തറ ടെക്സ്റ്റൈലിന്റെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെയുള്ള പുനരുദ്ധാരണ പദ്ധതികൾ സമർപ്പിക്കാൻ 28-10-2015 മുതൽ രണ്ട് മാസം സമയം ബഹു. കേരള ഹൈക്കോടതി അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 17-11-2015-ന് ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ച നടത്തുകയും പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly